സ്മരണകളിരമ്പും രണസ്മാരകം

സംസാരിക്കുന്ന 'നായനാരെ' കാണാം

സി. സദിത്
കണ്ണൂർ

▸ ആരാണ് സഖാവിന്റെ രാഷ്ട്രീയഗുരു – ചോദ്യം 'ഇ.കെ. നായനാരോടാണ്?' ചോദിച്ചത് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ചെറുവാചകങ്ങളിൽ തുടങ്ങി. ഒടുവിൽ പേര് പറഞ്ഞു. ശാരദയുടെ അമ്മാവൻ ഗോപാലൻ. ഏത്രയിരുന്നു സഖാവിന്റെ ആര്യ രാഷ്ട്രീയസ്മരം? എം.വി. ജയരാജന്റെ ചോദ്യം. 1936-ലെ ആറാണ്ടിൽ മിൽസമരം. ചോദ്യങ്ങൾക്ക് മറുപടി പറയുന്ന നായനാരെ കാണാം, ഇ.കെ. നായനാർ അക്കാദമിയിൽ. അവിടെയൊരുക്കിയ മ്യൂസിയം ഒരു കാലഘട്ടത്തിന്റെ പോരാട്ടങ്ങളുടെ, നേതാക്കളുടെ ജീവിതത്തിന്റെ സ്മരണകളിരമ്പുന്ന രണസ്മാരകം കൂടിയാണ്. മുൻ മുഖ്യമന്ത്രിയും സി.പി.എം. നേതാവുമായ ഇ.കെ. നായനാർ വിടപറഞ്ഞതിന്റെ 20-ാം ചരമവാർഷികദിനമായ ഞായറാഴ്ച മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയാണ്.

നിർമിതബുദ്ധി ഉപയോഗിച്ചാണ് 'സംസാരിക്കുന്ന നായനാരെ' അവതരിപ്പിച്ചിരിക്കുന്നത്. ഹോളോഗ്രാം വിദ്യയിലൂടെയുള്ള ഡിജിറ്റൽ ദൃശ്യത്തിൽ പൂർണരൂപമായ നായനാർ തെളിഞ്ഞുവരും. നായനാരുടെ രാഷ്ട്രീയജീവിതത്തിലെ നിർണായക മുഹൂർത്തങ്ങളാകുന്നതൽ ഇഷ്ടപ്പെട്ട ഭക്ഷണംവരെയുള്ള പത്തിലേറെ ചോദ്യങ്ങൾക്ക് ഇംഗ്ലീഷിലും മലയാളത്തിലും മറുപടി കിട്ടും.

മൂന്നുനിലകളിലായി ദൃശ്യ-ശ്രവ്യലോകമാണ് മ്യൂസിയത്തിൽ തുറക്കുന്നത്. നായനാരുടെ രാഷ്ട്രീയജീവിതത്തിന്റെ ഡിജിറ്റൽ പുനരാവിഷ്കാരമാണ് പ്രത്യേകത. നായനാരുടെ ഡയറിക്കും ഒരുക്കിവെച്ചിട്ടുണ്ട്.

നായനാർ, പി. കൃഷ്ണപിള്ള, ഇ.എം.എസ്., എ.കെ.ജി., കെ. രാമോദരൻ, എൻ. സി. ശേഖർ എന്നിവരുടെ പൂർണകായ മെഴുകുപ്രതിമകളുമുണ്ട്. മുഖ്യമന്ത്രിയോട് ചോദിക്കാം എന്ന ടെലിവിഷൻ ചാനൽ പരിപാടി ഒട്ടേറെ ടെലിവിഷൻ സ്ക്രീനുകളിൽ ഒന്നിച്ചുകാണാം. യുവാവായ നായനാർ, കൂറിത്താടിയുള്ള നായനാർ –ചിരപരിചിതമായ ഫോട്ടോകൾക്കൊപ്പം നായനാരുടെ അപൂർവമായ ദൃശ്യങ്ങളുമുണ്ട്.

മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ 20-ാം ചരമവാർഷികം ഇന്ന്

▸ *സഖാവ് തയ്യാർ...* ഇ.കെ. നായനാർ സ്മരിതമായ ഞായറാഴ്ച കണ്ണൂർ നായനാർ അക്കാദമിയിലെ മ്യൂസിയം ആനുമ്പകെടുക്കുന്നതിന്റെ മുന്നോടിയായി നായനാർപ്രതിമയുടെ ഉപ്പിന്റെ കോളർ ശരിയാക്കുന്ന മ്യൂസിയം ഡയറക്ടർ എസ്. ശ്യാമ **|ഫോട്ടോ: സി. സുനിൽകുമാർ**

വായനമുറി

നായനാരുടെ വായനമുറിയാണ് മറ്റൊരു ആകർഷണം. അദ്ദേഹം ഉപയോഗിച്ച ചാരുകസേര, മേശ, പുസ്തകങ്ങൾ, ഫാൻ, പുസ്തക അലമാര എന്നിവ ക്രമീകരിച്ചിട്ടുണ്ട്. തൊട്ടടുത്തായി അദ്ദേഹത്തിന്റെ ലേഖനങ്ങളും ഇൻസ്റ്റലേഷനായി ചാടിൽ തൂക്കിയിട്ടിരിക്കുന്നു. ഒരു അലമാരയിൽ നായനാർ രചിച്ച പുസ്തകങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു.

സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ കെ.വി. രാജേഷ്, പി. ജയരാജൻ, പനോളി വത്സൻ, വി. ശിവദാസൻ എം.പി., കെ.എൻ. ബാലഗോപാൽ എം.എൽ.എ., എൻ. ചന്ദ്രൻ, എം. പ്രകാശൻ, ടി.കെ. ഗോവിന്ദൻ എന്നിവർ മ്യൂസിയം സന്ദർശിച്ചു. നായനാർ അക്കാദമിയുടെ ചുമതലയുള്ള പ്രൊഫ. കെ.വി. ബാലൻ, പ്രൊഫ.കെ.എ. സരള എന്നിവർ നേതാക്കളെ സ്വീകരിച്ചു.

'ഞാ റൈറ്..'

രണ്ട് പതിറ്റാണ്ടിനുശേഷവും മുഴങ്ങുന്നു ആ ജനകീയശബ്ദം

ദാമോദരൻ കല്ല്യാശ്ശേരി
കല്ല്യാശ്ശേരി

▸ കേരളം കണ്ട മികച്ച ജനകീയ മുഖ്യമന്ത്രിമാരിലൊരാളായ ഇ.കെ. നായനാരുടെ വിയോഗത്തിന് ഞായറാഴ്ച രണ്ട് പതിറ്റാണ്ട്. ഡൽഹിയിലെ ഓം ഇന്ത്യാ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയ്ക്കിടെ 2004 മേയ് 19-നാണ് നായനാരുടെ വിയോഗം. ചികിത്സയ്ക്ക് യാത്രതിരിക്കുന്നതിനിടെ തിരുവനന്തപുരം വിമാനത്താവളത്തിൽവെച്ച് പത്രക്കാരോട് പറഞ്ഞത 'ഞാ റൈറ്റ്' എന്ന യാത്രാമൊഴി ഇന്നും മനസ്സിൽ നൊമ്പരമുണർത്തുന്നതായി നായനാരുടെ പത്നി ശാരദ ടീച്ചർ പറയുന്നു.

രണ്ട് പതിറ്റാണ്ട് പിന്നിട്ടു മ്പോഴും ആ സ്നേഹനിധിയുടെ ഓർമകൾ അയവിറക്കുന്നതാണ് ഇവരുടെ ഓരോ ദിനങ്ങളും. മുഖ്യമന്ത്രിയായിരിക്കുമ്പോഴും അല്ലാത്തപ്പോഴും പത്രപ്രതിനിധികൾ ഉൾപ്പെടെയുള്ളവരോട് എല്ലാം പറഞ്ഞുകഴിഞ്ഞാൽ 'റൈറ്റ്' എന്നൊരു പ്രയോഗമുണ്ട്. ഇത് പറഞ്ഞാൽ പിന്നീട് ചോദ്യമോ ഉത്തരമോ ഉണ്ടാകാറില്ല. എല്ലാം വ്യക്തമായി തുറന്നുപറയും. പിന്നീട് അതിന് മറുചോദ്യം വേണ്ടിവരാറില്ല. എല്ലാറ്റിനും പൂർണവിരാമം എന്ന പോലെയാണ് 'റൈറ്റ്' എന്ന വാക്കിന്റെ പ്രയോഗം –ശാരദ ടീച്ചർ ഓർക്കുന്നു.

മൂന്നുതവണ മുഖ്യമന്ത്രിയായിട്ടുണ്ടെങ്കിലും യാത്രകളിൽ കുടുംബാംഗങ്ങളെ കൂടെകൂട്ടുന്നത് നായനാർക്ക് തീരെ ഇഷ്ടമില്ലാത്ത കാര്യമാണ്. ആദ്യമായി മുഖ്യന്ത്രിയായപ്പോഴോ മേഖലയിൽ ലണ്ടൻ യാത്ര നടത്തിയിരുന്നു. ആ യാത്രയിൽ മാത്രമാണ് ടീച്ചറെ പ്പെം കൂട്ടിയത്. വിവാഹം കഴിക്കുമ്പോഴേതന്നെ 'ശാരദേ നീ ഒരു മുഴുവൻസമയ രാഷ്ട്രീയക്കാരന്റെ ഭാര്യയാണെന്ന ഓർമവേണം' എന്ന ശക്തമായ ഉപദേശം നൽകിയിരുന്നു. അതുകൊണ്ടുതന്നെ ഒരു പരിഭവവും ടീച്ചർക്ക് സഖാവിനെക്കുറിച്ചുണ്ടായിരുന്നില്ല. നായനാർക്ക് ഉച്ചയൂണിന് മീൻകറിയും മീൻവറുത്തതും നിർബന്ധമാണ്. മീനില്ലെങ്കിൽ ഊണ് പോലും വേണ്ടെന്ന് പറയുന്ന ശീലം. അദ്ദേഹത്തിന്റെ വേർപാടിന് ശേഷം ആ ശീലം ടീച്ചർ ഉപേക്ഷിച്ചു. 20 വർഷമായി പൂർണസസ്യഭുക്കാണ്.

'സഖാവ് ഇന്നും ഉണ്ടായിരുന്നെങ്കിൽ എന്ന് പലതവണ ആഗ്രഹിച്ചിട്ടുണ്ട്. പ്രത്യേകിച്ചും രാഷ്ട്രീയത്തിൽ ഇന്ന് നടക്കുന്ന പല കാര്യങ്ങളും കാണുമ്പോൾ'–ശാരദ ടീച്ചർ പറഞ്ഞു.

▸ നായനാരുടെ പത്നി ശാരദ ടീച്ചർ ശനിയാഴ്ച രാവിലെ കല്ല്യാശ്ശേരിയിലെ 'ശാരദാസിൽ' പത്രസമ്മേളനത്തിൽ

മാതൃഭൂമി-ഫെയർ ഫ്യൂച്ചർ വിദേശ വിദ്യാഭ്യാസ സെമിനാർ നടത്തി

▸ കണ്ണൂർ ബ്ലൂ നൈൽ ഹോട്ടലിൽ നടന്ന മാതൃഭൂമി -ഫെയർ ഫ്യൂച്ചർ വിദേശ വിദ്യാഭ്യാസ സെമിനാറിൽ ഫെയർ ഫ്യൂച്ചർ എം.ഡി. ഡോ. എസ്. രാജ് സംസാരിക്കുന്നു

കണ്ണൂർ▸ മാതൃഭൂമിയും ഫെയർ ഫ്യൂച്ചറും ചേർന്ന് വിദേശ വിദ്യാഭ്യാസ സെമിനാർ നടത്തി. ഫെയർ ഫ്യൂച്ചർ മാനേജിങ് ഡയറക്ടർ ഡോ. എസ്. രാജ് വിദേശത്തെ വിവിധ പഠനവസരങ്ങളെക്കുറിച്ചും സർവകലാശാലകളെക്കുറിച്ചും പ്രഭാഷണം നടത്തി.

കഴിഞ്ഞവർഷത്തിനുള്ളിൽ അമേരിക്ക, കാനഡ, യു.കെ., ഓസ്ട്രേലിയ എന്നിവിടങ്ങളിൽ 75 ലക്ഷത്തോളം തൊഴിലവസരങ്ങളുണ്ടാവുമെന്ന് അദ്ദേഹം പറഞ്ഞു.

വിദേശത്ത് പഠനം കഴിഞ്ഞ് അവിടെ ജോലിയോ സ്ഥിരതാമസമോ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ പഠനത്തിനായി പോകുമ്പോൾ മുതൽഴ് തന്നെ അക്കാര്യം ആസൂത്രണംചെയ്യണം. നമ്മുടെ സർവകലാശാലകളിലെ സിലബസ് കാലോചിതമായി പരിഷ്കരിക്കാത്തത് വിദേശ പഠനത്തിന്റെ ആവശ്യകത വർധിപ്പിക്കുന്നു. ലോകം സാങ്കേതികമായി വളരെ വേഗം മാറുന്ന കാലത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വളരെ പ്രധാനമാണ് –അദ്ദേഹം പറഞ്ഞു.

പഠിക്കാൻ പോകുന്ന രാജ്യത്തെക്കുറിച്ചും സർവകലാശാലയെ കുറിച്ചും വ്യക്തമായ മാർഗനിർദേശം സ്വന്തമാക്കിയിരിക്കണം. പാർട്ട് ടൈം ജോലി ചെയ്യാമോ, ചെയ്യാമെങ്കിൽ അത് കാംപസിൽ മാത്രമാണോ, പഠനകാലയളവിൽ എത്ര സാമ്പത്തികചെലവ് വരും എന്നിവയെക്കുറിച്ചും അറിവ് നേടിയിരിക്കണം.

പ്രവേശനം ലഭിക്കുന്ന രീതികൾ, വിസ ആപ്ലിക്കേഷൻ, പഠനശേഷമുള്ള വർക്ക് പെർമിറ്റ്, പി.ആർ. പ്രൂഫിങ് പ്രൊവിൻസുകൾ, ഫാമിലി വിസ തുടങ്ങിയവയെക്കുറിച്ചും ബ്ലൂനൈൽ ഹോട്ടലിൽ ശനിയാഴ്ച നടന്ന സെമിനാറിൽ ഡോ. രാജ് വിവരിച്ചു.

അഞ്ഞൂറോളം പേർ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തവരിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 300-ഓളം വിദ്യാർഥികൾക്ക് വിദഗ്ധരായ ഐ.ഇ.എൽ.ടി.എസ്. അധ്യാപകരുടെ നേതൃത്വത്തിൽ 30 ദിവസത്തെ സൗജന്യ പരിശീലനമുണ്ടാകും. കണ്ണൂരിൽ ഉൾപ്പെടെ ഫെയർ ഫ്യൂച്ചറിന്റെ ഓഫിസ് തുറക്കും.

▸ സർവീസിൽനിന്ന് വിരമിക്കുന്ന ഫോലീസ് സബ് ഇൻസ്പെക്ടറും കായികതാരവുമായ മരിയ ജോസ് 128 കിലോമീറ്റർ അൾട്രാ മാരത്തൺ ഒട്ടത്തിനുശേഷം കണ്ണൂരിൽ തിരിച്ചെത്തിയ ശേഷം ഇളനീർ കുടിച്ച് ദാഹം ശമിപ്പിക്കുന്നു. വെള്ളിയാഴ്ച വൈകുന്നേരം കണ്ണൂരിൽനിന്ന് കൊയിലാണ്ടിവരെ ഓടിയശേഷം ശനിയാഴ്ച രാവിലെ മാരത്തൺ കണ്ണൂരിൽ സമാപിച്ചു. കഴിഞ്ഞ 25 വർഷമായി പോലീസ് കായികമേളയിലെ നീന്ത്വുമ്പ മത്സരങ്ങളിലെ സ്വർണമെഡൽ ജേതാവുകൂടിയാണ് മരിയ ജോസ്

പ്രകാശനം ചെയ്തു

കണ്ണൂർ▸ ന്യൂസ് ഫോട്ടോഗ്രാഫർ ഷമിൽ ഊർപ്പള്ളിയുടെ 'പുനരുത്ഥാനം: ഭിന്നശേഷിക്കാരുടെ പോരാട്ടവീര്യങ്ങൾ' എന്ന പുസ്തകത്തിന്റെ കവർ പ്രകാശനം ലഫ്. കേണൽ ഗുർമീത് സിങ് നിർവഹിച്ചു. ജില്ലാ സാമൂഹികനീതി ഓഫീസർ പി.ബിജു ഏറ്റുവാങ്ങി. നേരത്തെ പ്രസിദ്ധീകൃതമായ ആർമി കോറം പുസ്തകത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനം മുൻ മന്ത്രി പി.കെ.ശ്രീമതി നിർവഹിച്ചു.ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.കെ.പദ്മനാഭൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ പ്രസ് ക്ലബ് ജോയിന്റ് കണ്ണിർ കണ്ണാടിപ്പറമ്പ്, പി.വി.ഭാസ്കരൻ, പി. മുരളി, സി.സുനിൽകുമാർ, ഷമിൽ ഊർപ്പള്ളി എന്നിവർ സംസാരിച്ചു. ജില്ലാ സാമൂഹികനീതി ഓഫീസിന്റെ സഹകരണത്തോടെയാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

തീർത്ഥയാത്ര
തിരുപ്പതി, പത്മാവതി
വെല്ലൂർ ഗോൾഡൻ ടെംപിൾ
കാഞ്ചീപുരം, കാളഹസ്തി
മെയ് 26 ന്
മുക്കണ്ണ താമസ സൗകര്യമുൾപ്പടെ
Starting from
SWARAJ TRAVEL TOURS, KANNUR
9995882255, 9895843770

'തെളിഞ്ഞത് സി.പി.എമ്മിന്റേത് അക്രമരാഷ്ട്രീയമാണെന്ന കാര്യം'

കണ്ണൂർ▸ ബോംബ് നിർമാണത്തിനിടെ മരിച്ചവർക്ക് രക്തസാക്ഷി വാരകം പണിതതിലൂടെ അക്രമരാഷ്ട്രീയം സി.പി.എം. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് തെളിഞ്ഞിരിക്കുകയാണെന്ന് ബി.ജെ.പി. സംസ്ഥാന സെക്രട്ടറി അഡ്വ. കെ.ശ്രീകാന്ത് ആരോപിച്ചു. ചെറുകണ്ടിയിലെ രണ്ട് സി.പി.എമ്മുകാർ ബോംബ് നിർമാണത്തിനിടെ കൊല്ലപ്പെട്ട സംഭവത്തിൽ പാർട്ടിക്ക് ബന്ധമില്ലെന്ന് പറഞ്ഞ നേതൃത്വം ഇപ്പോഴം രക്തസാക്ഷി സ്മാരകം നിർമിച്ചിരിക്കുകയാണ്. അതിന്റെ ഉദ്ഘാടനം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ തന്നെ നടത്തുന്നത് ഇരട്ടത്താപ്പാണ്. ബോംബ് നിർമിക്കുന്നതിനുള്ള പ്രോത്സാഹനം കൂടിയാണ് ഈ രക്തസാക്ഷി മണ്ഡപം –പ്രസ്താവനയിൽ പറഞ്ഞു.

സൗജന്യ സഹകരണ പഠന ക്ലാസ് 23 മുതൽ

കണ്ണൂർ▸ സഹകാരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ആൻഡ് പ്രൊഫഷണൽ എജ്യൂക്കേഷന്റെ (സ്കോപ്പ്) നേതൃത്വത്തിൽ 23, 24 തീയതികളിൽ പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി സൗജന്യ ദ്വിദിന പഠന ക്ലാസ് നടത്തുന്നു. സഹകരണ ഇൻസ്റ്റൊർ, കേരള ബാങ്ക് ക്ലാർക്ക് തസ്കികകളിലെ പരീക്ഷകളിൽ തയ്യാറെടുക്കുന്നവർക്കാണ് ക്ലാസ്. യോഗശാലാ റോഡിലുള്ള കണ്ണൂർ ജവാഹർ ലൈബ്രറി ഹാളിലാണ് ക്ലാസ് നടക്കുന്നത്. പ്രവേശനം മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന വർക്ക് മാത്രം. രജിസ്ട്രേഷനും മറ്റ് വിവരങ്ങൾക്കും. ഫോൺ: 9446026585, 9447208828.

ജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് 29 മുതൽ

കണ്ണൂർ▸ ജില്ലാ ബാഡ്മിന്റൺ (പട്ടിക്കാട്) അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തുന്ന അണ്ടർ 11, 13, 15, 17, 19 സീനിയർ ജില്ലാ ബാഡ്മിന്റൺ മത്സരങ്ങൾ 29 മുതൽ ജൂൺ ഒന്ന് വരെ നടക്കും. കക്കാട് സ്റ്റീം ബാഡ്മിന്റൺ അറീന ഇൻഡോർ കോർട്ടിലാണ് ചാമ്പ്യൻഷിപ്പ് നടക്കുന്നത്. താത്പര്യമുള്ളവർക്ക് 21-വരെ പേര് ഓൺലൈൻ ആയി (www.kbsa.co.in) രജിസ്റ്റർചെയ്യാം.

▸ സംസ്ഥാനത്തെ ഏറ്റവും മികച്ച ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ ഹൗണ്ടേഴൻ കോ ഓർഡിനേറ്റാക്കുള്ള പുരസ്കാരം മുൻ ഇന്റർനാഷണൽ ഡയറക്ടർ വി.പി.നന്ദകുമാറിൽനിന്ന് എം.വിജേഷ് കുമാർ ഏറ്റുവാങ്ങുന്നു. മാർട്ടിൻ കാരൻസിൽ ചെയർപേഴ്സൺ സൂഷമ നന്ദകുമാർ, ഗാർ എരിയ ലീഡർ എ.വി.വാമൻ കുമാർ, ഡോ. എസ്.രാജീവ് എന്നിവർ പങ്കെടുത്തു

കൃത്രിമബുദ്ധി ഉപയോഗത്തെക്കുറിച്ച് ബോധവത്കരിക്കണം -എച്ച്.എസ്.പി.ടി.എ.

കണ്ണൂർ▸ കൃത്രിമബുദ്ധിയുടെ ഗുണങ്ങളെയും ദുരുപയോഗ സാധ്യതകളെയും കുറിച്ച് സർക്കാരും സാംസ്കാരിക സ്ഥാപനങ്ങളും ചേർന്ന് പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകണമെന്ന് ജില്ലാ ഹയർസെക്കൻഡറി പിസിപ്പൽ ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം അഭിപ്രായപ്പെട്ടു.

▸ പ്രഭാത് ബാബു കൈതപ്രം (പ്രസി.), കെ.കെ.മിജേഷ് (ജോ. സെക്ര.)

സി.സത്യരാജൻ അധ്യക്ഷതവഹിച്ചു. ഡോ. ജ്യോതിഷ് പോറം സംസാരിച്ചു. ഭാരവാഹികൾ: പ്രഭാത്ബാബു കൈതപ്രം (പ്രസി.), പി.കെ.രതീഷ (വൈസ്.പ്രസി.), എൻ. ഷിനോജ് (സെക്ര.), കെ.കെ.മിജേഷ് (ജോ. സെക്ര.), കെ. വൈൻസിരാജ് (ഖജാ.).

സിനിമ

കണ്ണൂർ-N.S.:
- ബില്ല (ത്ര) 11.00, 2.30
- ഗാർഡിയൻ ഏയിഞ്ചൽസ് 5.30, 8.30

ലിബർട്ടി സിനിമാസ് കണ്ണൂർ (സ്ക്രീൻ 1)
- ഗുരുവായൂർ അമ്പലനടയിൽ 11.30, 2.30, 5.15, 8.30, 10.45

(സ്ക്രീൻ 2)
- ഗുരുവായൂർ അമ്പലനടയിൽ 3.00, 6.00, 9.00
- ആവേശം 11.30

സവിത
- ഗുരുവായൂർ അമ്പലനടയിൽ 11.30, 2.15, 5.00, 8.00, 10.45

സലാല
- ആടുജീവിതം 11.30
- ഗു 2.30, 5.15, 7.30
- ഗുരുവായൂർ അമ്പലനടയിൽ 9.45

സപ്തമി
- വർഷങ്ങൾക്ക് ശേഷം 11.30
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ 2.30, 5.15, 8.00

സരിത
- പവി കേർടേക്കർ 2.30
- മലയാളി ഫ്രം ഇന്ത്യ 11.30, 5.30

തലശ്ശേരി - ലിബർട്ടി പാരഡൈസ്
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ 4) 11.30, 2.45, 6.00, 9.30,

ലിബർട്ടി ലിറ്റിൽ പാരഡൈസ്
- ഗുരുവായൂർ അമ്പലനടയിൽ 11.30, 2.45, 6.00, 8.45, 11.15

ലിബർട്ടി സ്യൂട്ട്
- ആടുജീവിതം 4.00, 7.15
- ഗുരുവായൂർ അമ്പലനടയിൽ 7.00, 10.00

ലിബർട്ടി ബേൾഡ്
- മലയാളി ഫ്രം ഇന്ത്യ (2) 11.30, 2.45
- വർഷങ്ങൾക്ക് ശേഷം 6.00, 9.30

ലിബർട്ടി ലിൻ പാരഡൈസ്
- മാരിവില്ലിൻ�ോപുരങ്ങൾ 11.30, 2.45, 6.00
- ഗു (2024) 1.20, 3.40
- ഗുരുവായൂർ അമ്പലനടയിൽ 10.00, 12.30, 12.45, 3.10, 5.35, 8.00, 8.30, 9.00, 10.30, 11.00, 11.30
- മലയാളി ഫ്രം ഇന്ത്യ 10.30
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ) 10.15, 5.45

കൃത്രിമപ്രസാദ് - ലേബർ സിനിമാസ്
- ഗുരുവായൂർ അമ്പലനടയിൽ 10.30, 1.00, 4.00, 7.00, 9.30
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ) 10.30, 1.00, 4.00, 7.00, 9.30

മുത്തൂർ MAGIC FRAMES SAHINA (AC 2K 3D atmos Book my show)
- ഗുരുവായൂർ അമ്പലനടയിൽ 11.30, 2.00, 4.30, 7.30, 10.00
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ) 11.00, 1.30, 3.30
- മലയാളി ഫ്രം ഇന്ത്യ 4.00
- ആവേശം 6.45

തളിപ്പറമ്പ് : ആശിർവാദ്
- ഗുരുവായൂർ അമ്പലനടയിൽ 10.45, 1.45, 4.45, 7.45, 10.15

ആശിർവാദ് പാരഡൈസ്
- പുതുഹോറിയായ പ്രണയകഥ 10.45, 1.45, 4.45, 7.45

ക്ലാസിക്
- ഗുരുവായൂർ അമ്പലനടയിൽ (മ) 10.30, 1.30, 4.30, 7.30

ശ്രീനന്ദ
- ആവേശം 1.30, 4.30, 7.30

ആശ്രമക്കോട് - ഫിൽസിറ്റി (AC 4K 3D atmos) Ph: 0460 2970000
- ആടുജീവിതം 4.00, 7.15
- ഗുരുവായൂർ അമ്പലനടയിൽ 10.30, 1.00, 4.30, 7.00, 9.30
- മലയാളി ഫ്രം ഇന്ത്യ 10.00
- പവി കേയർടേക്കർ 4.00
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ) 10.30, 1.15, 7.00, 9.30
- വർഷങ്ങൾക്ക് ശേഷം 1.00

ഷൊർണൂർ-പാലക്കാട് 2K-3D7.1 04622280247
- സുരേഷിന്റെയും സുമലതയുടെയും പുതുഹോറിയായ പ്രണയകഥ (മ) 10.30, 1.30, 4.30, 7.30, 10.30

തലശ്ശേരി - MAGIC FRAMES
- ആടുജീവിതം 2.45
- ആവേശം 6.00
- ഗു (2024) 1.20, 3.40

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ബി.ഐ. ഹൗസ്, ഫോർട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 004, കേരള, ഫോൺ: +91 497 2702231/2470
email: rs1016@sbi.co.in, CIN No.L65191KL1929PLC001017
E-mail: sibcorporate@sib.co.in, Website: www.southindianbank.com
വസ്തു ഇ-ലേല വിൽപന നോട്ടീസ് [നിയമം - 8 (6) & 9(1)]
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്റ്ററ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്വാധീനവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.
വായ്പക്കാർ/ജാമ്യക്കാർ: (1) ശ്രീമതി രജീന സലീജിനെ പ്രതിനിധികരിച്ച് PDA ഹോൾഡർ ശ്രീ. മുഹമ്മദ് അഷ്റഫ്, ഹസ്സൻ മൻസിൽ, പുന്നക്കുഴാ അഴീക്കോട് പി.ഒ., കണ്ണൂർ-670009 (2),ശ്രീ. സലിം താഴെ പുന്നത്തിലിനെ പ്രതിനിധികരിച്ച് PDA ഹോൾഡർ ശ്രീമതി. കുഞ്ഞാമി മുഹമ്മദ് അഷ്റഫ്, താഴെ പുന്നത്തിൽ ഹൗസ്, പണിയന്നൂർ പി.ഒ, കണ്ണൂർ -670676 (3) ശ്രീ അനീസ് പുതിയ പുരയിലിനെ പ്രതിനിധികരിച്ച് PDA ഹോൾഡർ ശ്രീമതി കുഞ്ഞാമി മുഹമ്മദ് അഷ്റഫ്, പി പി ഹൗസ്, പൊയ്ത്തുംകടവ്, അഴീക്കോട് പി.ഒ., കണ്ണൂർ -670009 (4) ശ്രീമതി ഷാഹിദ അനീസ്, ജാസിമിൻ വില്ല, ജയന്തി റോഡ്, ചാലാട്. കണ്ണൂർ - 670014 (5) ശ്രീ. മുഹമ്മദ് അഷ്റഫ്, ശ്രീമതി രജീന സലിജിന്റെ PDA ഹോൾഡർ, പി.പി. ഹൗസ്, പൊയ്ത്തുംകടവ്, അഴീക്കോട് പി.ഒ., കണ്ണൂർ-670009 (6) ശ്രീമതി. കുഞ്ഞമ്മി മുഹമ്മദ് അഷ്റഫ്, PDA ഹോൾഡർ ശ്രീ. സലിം താഴെ പുന്നത്തിൽ & ശ്രീ. അനീസ് പുതിയ പുരയിൽ, ഹസ്സൻ മൻസിൽ, പുന്നക്കുഴാറ, അഴീക്കോട് പി.ഒ. കണ്ണൂർ-670009.
താഴെ പറയുന്ന വസ്തുവഹകൾ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ കണ്ണൂർ സൗത്ത്ബസാർ ബ്രാഞ്ചിൽ മാതൃവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന് കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് കണ്ണൂർ സൗത്ത്ബസാർ ബ്രാഞ്ചിന് (സെക്യൂരിറ്റൈസ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 16.05.2024ന് കിട്ടുവാനുള്ള തുകയായ 77,24,622.63 (എഴുപത്തിയേഴ് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ്റി ഇരുപത്തിരണ്ട് രൂപ അറുപത്തിമൂന്ന് പൈസ മാത്രം) കൂടാതെ പലിശയും മറ്റു ചിലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതാതെക്കെയാണോ എന്ന അടിസ്ഥാനത്തിൽ 21.06.2024ന് ബാങ്ക് വിൽക്കുന്നതായിരിക്കും.
സ്വാധീന വസ്തുക്കളുടെ വിവരങ്ങൾ
വസ്തു ഉടമയുടെ പേര്: ശ്രീമതി രജീന സലിം, വസ്തുവിന്റെ വിവരണം: കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കേളകം വില്ലേജിലെ പ്രോ-സർവേ നമ്പർ 473/പി.ടി, 474, 475/2ൽ ശ്രീ മാത്യു വി.എം. എന്റെ ഉടമസ്ഥതയിൽ പോലുള്ള എസ്ആർലെയിൽ 15.10.2009ന് രജിസ്റ്റർ ചെയ്ത 3730/2009 ധനനിബന്ധ ആധാരപ്രകാരവും, 26.11.1996ന് രജിസ്റ്റർ ചെയ്ത 5355/1996 വിൽപ്പന ആധാരപ്രകാരവും, 07.08.2007ന് രജിസ്റ്റർ ചെയ്ത 3156/2007 ഭാഗപത്ര ആധാരപ്രകാരവും കേളകം പഞ്ചായത്ത